By FAX

11898/17/HRD

INSTITUTE OF HUMAN RESOURCES DEV... TRIVANDRUM
9 OCT 2017

കേരള സർക്കാർ

നം.1849899/കെ1/17/ഉ.വി.വ.

ഉന്നതവിദ്യാഭ്യാസ (കെ) വകുപ്പ്,
തിരുവനന്തപുരം,
തീയതി : 05.10.2017

ഗവൺമെന്റ് സെക്രട്ടറി

1. കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
2. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
3. ഡെപ്യൂട്ടി ഡയറക്ടർ ജനറൽ, എൻ.സി.സി., തിരുവനന്തപുരം
4. സ്റ്റേറ്റ് ലൈബ്രേറിയൻ, സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി, തിരുവനന്തപുരം
5. സെക്രട്ടറി, കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ, തിരുവനന്തപുരം
6. സ്റ്റേറ്റ് ലെയിസൺ ഓഫീസർ, സ്റ്റേറ്റ് ലെവൽ എൻ.എസ്.എസ്. സെൽ, ആറാം നില, വികാസ് ഭവൻ, തിരുവനന്തപുരം
7. പ്രവേശന പരീക്ഷാ കമ്മീഷണർ,ഹൌസിംഗ് ബോർഡ് ബിൽഡിംഗ്, തിരുവനന്തപുരം
8. മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആന്റ് ട്രെയിനിംഗ്, ഹെഡ് ഓഫീസ് കോംപ്ലക്സ്, വട്ടിയൂർക്കാവ്, തിരുവനന്തപുരം - 13.
9. ഡയറക്ടർ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സസ് ഡവലപ്പ്മെന്റ്, പ്രജോടവേഴ്സ്,വഴുതക്കാട്, തിരുവനന്തപുരം.
10. ഡയറക്ടർ, കേരള ശാസ്ത്ര സാങ്കേതിക മ്യൂസിയം, തിരുവനന്തപുരം
11. ഡയറക്ടർ, എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് & ടെക്നോളജി, തിരുവനന്തപുരം
12. ഡയറക്ടർ, സെന്റർ ഫോർ കണ്ടിന്യൂയിംഗ് എജ്യുക്കേഷൻ കേരള ആനത്തറ ലെയ്ൻ, ചാരാച്ചിറ, കവടിയാർ പി.ഓ., തിരുവനന്തപുരം -3
13. പ്രിൻസിപ്പാൾ, ലോ കോളേജ്, തിരുവനന്തപുരം/തൃശ്ശൂർ/ എറണാകുളം/കോഴിക്കോട്
14. രജിസ്ട്രാർ, കേരള സർവ്വകലാശാല, തിരുവനന്തപുരം/എം.ജി. സർവ്വകലാശാല, കോട്ടയം/ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി,എറണാകുളം/ കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല, കൊച്ചി/കാലിക്കറ്റ് സർവ്വകലാശാല,മലപ്പുറം/ കണ്ണൂർ സർവ്വകലാശാല,കണ്ണൂർ/മലയാളം സർവ്വകലാശാല, തിരൂർ നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ്, ന്യൂവാൽസ് ക്യാമ്പസ്, എച്ച്.എം. റ്റി കോളനി.പി.ഒ., കളമശ്ശേരി,എറണാകുളം/ എ.പി.ജെ അബ്ദുൾ കലാം ടെക്നോളജി യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ് ക്യാമ്പസ്, തിരുവനന്തപുരം.
15. മെമ്പർ സെക്രട്ടറി ഉന്നത വിദ്യാഭ്യാസ കൗൺസിൽ, കെ.എസ്. എസ്. ടി.എ. ക്യാമ്പസ് [illegible] തിരുവനന്തപുരം

16. ഡയറക്ടർ, കേരള ചരിത്ര ഗവേഷണ കൗൺസിൽ, വൈലോപ്പിള്ളി സംസ്കൃതി ഭവൻ, നളന്ദ പി.ഓ., തിരുവനന്തപുരം.

സർ,

വിഷയം:- ഉന്നത വിദ്യാഭ്യാസ വകുപ്പ് - കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ - മിത്ര 181 – വനിതാ ഹെൽപ്പ് ലൈൻ പ്രവർത്തനത്തിന് എല്ലാ വകുപ്പുകളുടെയും സഹകരണം ഉറപ്പാക്കുന്നത് - സംബന്ധിച്ച്.

സൂചന:- 26.08.2017 ലെ സി 1-343/17/സാനിവ നമ്പർ സർക്കാർ സർക്കുലർ

....

സൂചന സർക്കുലറിന്റെ പകർപ്പ് അടിയന്തിര നടപടി സ്വീകരിക്കുന്നതിനായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

വിശ്വസ്തതയോടെ
**ബിജു.റ്റി.**
അണ്ടർ സെക്രട്ടറി
സെക്രട്ടറിക്കു വേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ

ഇണ്ടാസ് നമ്പർ. ഇബി3/11898/2017/എച്ച്.ആർ.ഡി  തീയതി 16.10.2017

1. സർക്കാർ നിർദ്ദേശം നടപ്പിലാക്കുന്നതിനായി പകർപ്പ് എല്ലാ സ്ഥാപനമേധവികൾക്കും നൽകുന്നു
2. കരുതൽ ഫയൽ
3. ഓഫീസ് പകർപ്പ്

19/10

റ്റി.കെ.മാർട്ടിൻ
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
(ഡയറക്ടർക്കു വേണ്ടി)

കേരള സർക്കാർ

നം.സി1-343/17/സാനീവ. തീയതി, തിരുവനന്തപുരം, 26/08/2017.

**സർക്കുലർ**

വിഷയം : സാനീവ – കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ - മിത്ര 181 - വനിതാ ഹെൽപ്പ് ലൈനിന്റെ പ്രവർത്തനത്തിന് എല്ലാ വകുപ്പുകളുടെയും സഹകരണം ഉറപ്പാക്കുന്നത് - സംബന്ധിച്ച്.

സൂചന : കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 15/03/2017 ലെ KSWDC/PO3/181-WHL/2015-16/855 നമ്പർ കത്ത്.

കേന്ദ്ര വനിതാ ശിശുക്ഷേമ മന്ത്രാലയത്തിന്റെ ഏകീകൃത വനിതാ ഹെൽപ്പ് ലൈൻ എന്ന പദ്ധതിയുടെ നടത്തിപ്പ് ചുമതല കേരള സർക്കാർ ഏല്പിച്ചിരിക്കുന്നത് കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷനെയാണ്. ആയത് 'മിത്ര 181' എന്ന പേരിൽ ആരംഭിച്ചിട്ടുണ്ട്. അടിയന്തര ഘട്ടങ്ങളിലും അല്ലാത്തപ്പോഴും വനിതകൾക്ക് വിവരങ്ങളും സേവനങ്ങളും ലഭ്യമാക്കുന്ന, 24 മണിക്കൂറും പ്രവർത്തിക്കുന്ന സംവിധാനമാണ് 181-വനിത ഹെൽപ്പ് ലൈൻ. 181 എന്ന ഏക ടോൾഫ്രീ നമ്പറിലൂടെ അടുത്തുള്ള പോലീസ് സ്റ്റേഷൻ, പ്രധാന ആശുപത്രി, ഫയർ സർവ്വീസ്, ആംബുലൻസ് എന്നിവയുടെ സേവനവും സഹായവും ഉറപ്പായും ലഭിക്കുന്ന രീതിയിലാണ് ഹെൽപ്പ് ലൈൻ സജ്ജീകരിച്ചിരിക്കുന്നത്. ആയതിനാൽ സർക്കാർ, സർക്കാരേതര ക്ഷേമപദ്ധതികൾ, വിവിധ സ്ത്രീപക്ഷ സേവനങ്ങൾ എന്നിവയുടെ വിവരങ്ങളും 181-വനിതാ ഹെൽപ്പ് ലൈനിലൂടെ ലഭ്യമാക്കേണ്ടതുണ്ട്. ഇതിനായി എല്ലാ സർക്കാർ വകുപ്പുകളുടേയും സ്ഥാപനങ്ങളുടേയും സേവനങ്ങളെക്കുറിച്ചും പദ്ധതികളെക്കുറിച്ചും ബന്ധപ്പെട്ട പ്രധാന ഉദ്യോഗസ്ഥരെക്കുറിച്ചും വിശദമായ വിവരങ്ങൾ ഹെൽപ്പ് ലൈൻ ഡേറ്റാ ബേസിൽ ഉൾപ്പെടുത്തുന്നതിനായി വനിതാ വികസന കോർപ്പറേഷന് ലഭ്യമാക്കേണ്ടതാണ്. 181 വനിതാ ഹെൽപ്പ് ലൈനിലേയ്ക്ക് സഹായം ആവശ്യപ്പെട്ട് വിളിയ്ക്കുന്ന വനിതയ്ക്ക് എല്ലാവിധ സഹായങ്ങളും ലഭ്യമാക്കുന്നതിന് കോർപറേഷനുമായി എല്ലാ സർക്കാർ വകുപ്പുകളും സ്ഥാപനങ്ങളും സഹകരിക്കേണ്ടതാണ്.

നളിനി നെറ്റോ
ചീഫ് സെക്രട്ടറി